6. തിരുവനന്തപുരത്തെ നെയ്യാർഡാം മുതൽ കാസർഗോഡ് പാണത്തൂർ വരെ. 36 ദിവസം നീണ്ട വനങ്ങളിലൂടെയുള്ള ഒരു സാഹസിക യാത്ര സംഘടിപ്പിച്ചു.

7. രാഷ്ട്രീയ യുവസംഘടനകളിലെ പ്രതിനിധികളെ സംഘടിപ്പിച്ചുകൊണ്ട് എറണാകുളത്തും, കോഴിക്കോട്ടും രണ്ട് യുവജന ശില്പശാലകൾ നടത്തി.

8. കണ്ണൂരിൽ നടന്ന കേരളോത്സവത്തിൽ ദേശീയ ഇനങ്ങളിൽ വിജയിച്ച 72 കലാകാരൻമാരെ ദേശീയ യുവജനോത്സവത്തിൽ പങ്കെടുപ്പിക്കുകയും ആറ് ഇനങ്ങളിൽ സമ്മാനം നേടിയവർക്ക് കേന്ദ്ര ഗവണ്മെന്റ് നൽകിയ തോതിൽ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. കൂടാതെ ഇവർക്ക് മദ്രാസിൽ വെച്ച് സംഘടിപ്പിച്ച കോമൺവെൽത്ത് രാജ്യങ്ങളിലെ കലാകാരന്മാരോടൊപ്പം കലാമേളയിൽ പങ്കെടുക്കുന്നതിന് അവസരം ഉണ്ടാക്കി.

6 (*421) കേന്ദ്രാവിഷ്കൃത പദ്ധതികൾ

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഇപ്പോൾ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) ഇതിൽ കേന്ദ്ര ഗവണ്മെന്റിന്റെ പൂർണ്ണ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിക്കാൻ ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് അനുയോജ്യമായ രീതിയിൽ പദ്ധതി തയ്യാറാക്കുമോ;

(എഫ്) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിക്കുവേണ്ടി 1998-99-ൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ട തുകയും നടത്തിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1) ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി.ഇ.പി)

2) തുടർ വിദ്യാഭ്യാസ പരിപാടി

3) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി

4) ഇംപ്രൂമെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ

5) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

LIBRARY ARCHIVES Kerala Legislative Assembly

6) ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഡയറ്റ്)

7) നിർദ്ധനരായ സംസ്കൃത പണ്ഡിതർക്കുള്ള സാമ്പത്തിക സഹായം

8) വികലാംഗർക്കുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി

9) മഹിളാ സമാഖ്യ പദ്ധതി

കൂടാതെ "മോഡണൈസേഷൻ ഓഫ് മദ്രസ്സാ എഡ്യൂക്കേഷൻ" എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

ഡി.പി.ഇ.പി.

പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാനായി ആരംഭിച്ച ഈ പദ്ധതി സംസ്ഥാനത്ത് ആറ് ജില്ലകളിൽ (തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്) നടപ്പിലാക്കി വരുന്നു. ഒന്ന് മുതൽ നാലുവരെ ക്ലാസുകളിൽ നടപ്പിലാക്കിയ പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനബോധന പ്രവർത്തനം വഴി അക്കാദമിക്/ഭൗതിക മേഖലകളിൽ വളരെ അധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഭാഷാശേഷി, ഗണിതശേഷി സർഗ്ഗാത്മകത, ശാസ്ത്രീയ മനോഭാവം, അന്വേഷണതൃഷ്ണ, പ്രവർത്തനോന്മുഖത, സംഘബോധം, ഉത്തരവാദിത്വബോധം തുടങ്ങിയവ കുട്ടികളിൽ വളരെ മുന്നേറിയിട്ടുണ്ട്. പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ അദ്ധ്യാപകർക്കുള്ള കൂട്ടായ്മ പ്രകടമായി തുടങ്ങിയിട്ടുണ്ട്. കുട്ടികളുടെ ശേഷി വികസനത്തിനാവശ്യമായ പ്രവർത്തനങ്ങളാണ് ക്ലാസുകളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതെന്ന തിരിച്ചറിവ് അദ്ധ്യാപകർക്ക് ഉണ്ടായിട്ടുണ്ട്. രക്ഷിതാക്കൾ വിദ്യാലയ പ്രവർത്തനങ്ങളെ താൽപര്യത്തോടെ വീക്ഷിക്കുന്നതിനും അദ്ധ്യാപകരോടൊപ്പം ക്ലാസ് റൂം പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പങ്കാളിത്തം വഹിക്കുവാനും തുടങ്ങിയിട്ടുണ്ട്. കൂടാതെ വികലാംഗ വിദ്യാർത്ഥികൾക്കുവേണ്ടി സംയോജിത വിദ്യാഭ്യാസത്തിനും പ്രീ-പ്രൈമറി മേഖലയെ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

ഡി.പി.ഇ.പി. യ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 31.3.99 വരെ 93.39 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2. തുടർ വിദ്യാഭ്യാസ പരിപാടി

കേരള സാക്ഷരതാ സമിതിക്ക് പകരം നിലവിൽ വന്ന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ കേന്ദ്രീകരിച്ച് സന്നദ്ധ സാമൂഹിക പ്രവർത്തകരുടെ സജീവ പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് തുടർ സാക്ഷരതാ പദ്ധതി നടപ്പിലാക്കി വരുന്നത്. ആദ്യ ഗഡുവായി 4.95 കോടി രൂപ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. തുടർ വിദ്യാഭ്യാസ പരിപാടിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 3500 തുടർ വിദ്യാകേന്ദ്രങ്ങളും 500 വികസന വിദ്യാകേന്ദ്രങ്ങളും ആരംഭിക്കുകയും ജില്ലാതലത്തിൽ പ്രോജക്ട് കോ-ഓർഡിനേറ്റർമാരേയും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് നേതൃത്വം നൽകാൻ പ്രേരക്മാരേയും നിയമിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

3. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി

എൽ.പി. /യു.പി. സ്കൂളുകൾക്ക് പഠനോപകരണങ്ങൾ നൽകുക, എൽ.പി. സ്കൂളുകൾക്ക് രണ്ട് ക്ലാസ് മുറികൾ നിർമ്മിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നാല് ഘട്ടമായി നടപ്പിലാക്കിയ ഈ പദ്ധതിയുടെ തുടർ ഘട്ടങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ഈ പദ്ധതി പ്രകാരം 1998-99 വർഷത്തിൽ 310.84 ലക്ഷം രൂപ സംസ്ഥാനത്തെ 818 യു.പി. സ്കൂളുകൾക്ക്(സ്ക്കൂൾ ഒന്നിന് 38000 രൂപ വീതം) പഠന സംബന്ധമായ ഉപകരണങ്ങളും പുസ്തകങ്ങളും വാങ്ങുന്നതിന് നൽകിയിട്ടുണ്ട്.

4. ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ

യു.പി./ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ ലബോറട്ടറി സൗകര്യം, ലൈബ്രറി സൗകര്യം എന്നിവ വിപുലപ്പെടുത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം 1998-99 വർഷത്തിൽ 175.216 ലക്ഷം രൂപ സംസ്ഥാനത്തെ 2834 യു.പി. സ്കൂളുകൾക്കും (2400 രൂപ വീതം) 211 ഹയർ സെക്കണ്ടറി സ്കൂളുകൾക്കും (50000 രൂപ വീതം) ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിലേക്കും നൽകി. കൂടാതെ സയൻസ് അദ്ധ്യാപകർക്കുള്ള ട്രെയിനിംഗിന് വേണ്ടി 1,70,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

5. ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിലെ ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനായി പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരം പുതിയ സ്കൂളുകൾ തുടങ്ങുവാൻ ചുമതലപ്പെടുത്തിയ സന്നദ്ധ സംഘടനകൾക്കാണ് ഗ്രാന്റ് നൽകുക. ഈ പദ്ധതി പ്രകാരം 42 സ്കൂളുകൾ തുടങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

6. ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഡയറ്റ്)

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പ്രാഥമിക വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ സമഗ്ര പരിശീലനത്തിനും വേണ്ടിയാണ് സംസ്ഥാനത്ത് 14 ജില്ലകളിൽ ഡയറ്റുകൾ സ്ഥാപിച്ചത്. ഈ പദ്ധതി പ്രകാരം ഓരോ ഡയറ്റിലും 7 ഫാക്കൽറ്റികളിലായി 1998-99 വർഷത്തിൽ 8 ജില്ലകളിൽ പൂർണ്ണമായും 6 ജില്ലകളിൽ ഭാഗീയമായും സമഗ്ര ട്രെയിനിംഗ് നടപ്പിലാക്കി. (ആറ് ഡി.പി.ഇ.പി. ജില്ലകളിൽ ട്രെയിനിംഗ് ചുമതല ഡി.പി.ഇ.പി.ക്ക് ആണ്). 1998-99 വർഷത്തേക്ക് പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും 436,13,151.00 രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 3900000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

7. നിർദ്ധനരായ സംസ്കൃത പണ്ഡിതർക്കുള്ള സാമ്പത്തിക സഹായം:

സംസ്ഥാനത്തെ 96 നിർദ്ധന സംസ്കൃത പണ്ഡിതൻമാർക്ക് സാമ്പത്തിക സഹായം നൽകുവാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം 1998-99 വർഷത്തിൽ 7,45,334 രൂപ 96 നിർധന സംസ്കൃത പണ്ഡിതർക്ക് നൽകേണ്ടതായിട്ടുണ്ട്. 2.50 ലക്ഷം രൂപ ഇതിനകം നൽകിയിട്ടുണ്ട്.

8. വികലാംഗർക്കുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി

വികലാംഗരായ വിദ്യാർത്ഥികളെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം വിദ്യാഭ്യാസ പരമായി ഉയർത്തിക്കൊണ്ട് വരുക എന്ന ലക്ഷ്യം മുൻനിർത്തി നട

LIBRARY ARCHIVES Kerala Legislative Assembly

പ്പാക്കി വരുന്ന പദ്ധതിയാണിത്. വികലാംഗരായ വിദ്യാർത്ഥികൾക്ക് നിലവാര മുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി ഫലപ്രദമായ നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 1998-99 വർഷത്തിൽ 12214164 രൂപ വികലാംഗ വിദ്യാർത്ഥികളുടെ പഠനത്തിനും ഉന്നമനത്തിനുമായി ചെലവഴിച്ചിട്ടുണ്ട്.

9. മഹിളാ സമാഖ്യ പദ്ധതി

വിദ്യാഭ്യാസത്തിലൂടെ കരുത്താർജ്ജിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി നടപ്പാക്കിവരുന്ന ഈ പദ്ധതി തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചു. ഇതിലേയ്ക്കായി 15 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പൂർണ്ണ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു.

1) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

2) ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ

3) ഏരിയ ഇന്റൻസീവ് പ്രോഗ്രാം

4) ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഡയറ്റ്)

5) നിർദ്ധന സംസ്കൃത പണ്ഡിതർക്കുള്ള സാമ്പത്തിക സഹായം

6) വികലാംഗർക്കുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി

7) മഹിളാ സമാഖ്യ പദ്ധതി

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുവാൻ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ത്രിതല ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

(എഫ്)സ്റ്റേറ്റ്മെന്റ് അന്യത്ര†

7 (*422) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. വി. ബാലറാം :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മാർക്ക് നൽകുന്നതിന് പകരം ഗ്രേഡ് നൽകണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആരിൽ നിന്നെല്ലാം;

(സി) ഇപ്രകാരം മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

13.7.99-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ 6 (421) ദയവായി കാണുക

വിദ്യാഭ്യാസ പദ്ധതികൾക്കുവേണ്ടി 1998-99-ൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയുടേയും സംസ്ഥാന സർക്കാർ വഹിക്കേണ്ട തുകയുടേയും വിവരങ്ങൾ

1. ഡി.പി.ഇ.പി.

ഡി.പി.ഇ.പി. പദ്ധതിയുടെ നടത്തിപ്പിലേക്ക് കേന്ദ്രസർക്കാരിൽ നിന്നും 1998-99-ൽ 33 കോടി 19 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 13 കോടി 19 ലക്ഷം രൂപ 1997-99 വർഷത്തേയ്ക്കുള്ള വിഹിതമായിരുന്നു. എന്നാൽ പ്രസ്തുത തുക സംസ്ഥാനത്തിന് ലഭ്യമാക്കിയത് 1998-99 സാമ്പത്തിക വർഷമാണ്. 1998-99 സാമ്പത്തിക വർഷം ഡി.പി.ഇ.പി. പദ്ധതികൾക്കായി 29.28 കോടി രൂപ ചെലവായി. ഇതനുസരിച്ച് സംസ്ഥാന സർക്കാർ വഹിക്കേണ്ട തുക 4.39 കോടി രൂപയാണ്. സംസ്ഥാന സർക്കാർ തനതുവർഷം 1.70 കോടി രൂപ ലഭ്യമാക്കി.

2. ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതി
   - കേന്ദ്ര വിഹിതം - 310.84 ലക്ഷം
   - സംസ്ഥാന വിഹിതം - ഇല്ല

3. ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ
   - കേന്ദ്ര വിഹിതം - 175.216 ലക്ഷം
   - സംസ്ഥാന വിഹിതം - ഇല്ല

4. ഏരിയാ ഇന്റൻസീവ് പ്രോഗ്രാം
   - കേന്ദ്ര വിഹിതം - ഇല്ല
   - സംസ്ഥാന വിഹിതം - ഇല്ല

5. ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്
   - കേന്ദ്ര വിഹിതം - 436,13,151.00
   - സംസ്ഥാന വിഹിതം - 3900000/- രൂപ

6. നിർദ്ധന സംസ്കൃത പണ്ഡിതർക്കുള്ള സഹായം
   - കേന്ദ്ര വിഹിതം - 7,45,334.00
   - സംസ്ഥാന വിഹിതം - ഇല്ല

7. വികലാംഗർക്കുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി
   - കേന്ദ്ര വിഹിതം - 122,141,64.00
   - സംസ്ഥാന വിഹിതം - ഇല്ല

അനുബന്ധം II

13.7.99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1 (2379) ദയവായി കാണുക

കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും സ്വന്തം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ്. സുവർണ്ണ ജൂബിലി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി: പ്രതിവർഷം 10,000 രൂപയിൽ താഴെ കുടുംബവരുമാനമുള്ളവരും സ്വന്തം പേരിലോ ഭാര്യയുടെ/ഭർത്താവിന്റെ പേരിലോ, അവിവാഹിതരായ മക്കളുടെ പേരിലോ വാസയോഗ്യമായ വീടില്ലാത്തവരും എന്നാൽ വീട് നിർമ്മിക്കുവാൻ അനുയോജ്യമായ ഭൂമിയുള്ളതുമായ ആളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. മറ്റേതെങ്കിലും ഭവന നിർമ്മാണ പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly